"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഹോമിയോപ്പതി വകുപ്പ് - പാലക്കാട് ജില്ലയിലെ കണ്ണാടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-ll ശ്രീമതി കീർത്തി മോഹൻദാസ്-ന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ് (സി) വകുപ്പ്**

സ.ഉ.(സാധാ) നം.**85/2025/AYUSH** തീയതി, തിരുവനന്തപുരം, **15-02-2025**

---

പരാമർശം:- (1) **27/02/2023**-ൽ ശ്രീമതി കീർത്തി മോഹൻദാസ് സമർപ്പിച്ച അവധി അപേക്ഷ.

(2) ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ **22/03/2023, 06/05/2024** എന്നീ തീയതികളിലെ **DHTVM/497/2023-EA5** - നമ്പർ കത്തുകൾ.

**<u>ഉത്തരവ്</u>**

പാലക്കാട് ജില്ലയിലെ കണ്ണാടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-ll ശ്രീമതി കീർത്തി മോഹൻദാസ്-ന് ബി.എച്ച്.എം.എസ്. പഠനാവശ്യത്തിനായി **13/03/2023** മുതൽ **31/08/2028** വരെ ശൂന്യവേതനാവധി അനുവദിക്കണമെന്നാവശ്യപ്പെട്ട് ടിയാൾ പരാമർശം-(1) പ്രകാരം സമർപ്പിച്ച അപേക്ഷ പരിഗണിച്ച് ഉത്തരവാകണമെന്ന് ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(2) പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

(2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഹോമിയോപ്പതി വകുപ്പ് മേധാവി പരാമർശം-(2) പ്രകാരം ലഭ്യമാക്കിയ വസ്തുതകളുടെ വെളിച്ചത്തിൽ, കെ.എസ്.ആർ. ഭാഗം-I, അനുബന്ധം **XII B** ചട്ടം (iv)-ൽ ഇളവുവരുത്തി, പാലക്കാട് ജില്ലയിലെ കണ്ണാടി സർക്കാർ ഹോമിയോ ഡിസ്പെൻസറിയിലെ ഫാർമസിസ്റ്റ് ഗ്രേഡ്-ll ആയ ശ്രീമതി കീർത്തി മോഹൻദാസ്-ന് **13/03/2023** മുതൽ **31/08/2028** വരെ കെ.എസ്.ആർ ഭാഗം-I, അനുബന്ധം **XII B** യിലെ വ്യവസ്ഥകൾക്ക് വിധേയമായി ബി.എച്ച്.എം.എസ്. പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SAMEER KUMAR O J**

ഡെപ്യൂട്ടി സെക്രട്ടറി

1. ഹോമിയോപ്പതി വകുപ്പ് മേധാവി (i/c), തിരുവനന്തപുരം.
2. ശ്രീമതി കീർത്തി മോഹൻദാസ്, ഫാർമസിസ്റ്റ് ഗ്രേഡ്-ll, സർക്കാർ ഹോമിയോ ഡിസ്പെൻസറി, കണ്ണാടി, പാലക്കാട്. (ഹോമിയോപ്പതി വകുപ്പ് മേധാവിയുടെ കാര്യാലയം മുഖാന്തിരം)
3. ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ), പാലക്കാട്.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
5. ധനകാര്യ (ഹെൽത്ത്-ബി) വകുപ്പ്. (06/02/2025-ലെ E-2468341/HLT-B3/213/2023-FIN നമ്പർ കുറിപ്പ് പ്രകാരം)
6. വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂമീഡിയ) വകുപ്പ്.
7. കരുതൽ ശേഖരം/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം,

Signed by
Pradeep R S
Date: 15-02-2025 11:33:18

സെക്ഷൻ ഓഫീസർ.